| | | |
|---|---|---|
| **പതിമൂന്നാം കേരള നിയമസഭ** | | |
| **പന്ത്രണ്ടാം സമ്മേളനം** | | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1116 | | 04.12.2014 ൽ മറുപടിക്ക് |
| **എയ്ഡഡ് സ്കൂളുകളിലെ പ്ലസ് ടു ബാച്ചുകളിലെ അദ്ധ്യാപക നിയമനം** | | |
| **ചോദ്യം** | | **മറുപടി** |
| ശ്രീ. പി.കെ.ഗുരുദാസൻ | | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | എയ്ഡഡ് മേഖലയിൽ അനുവദിച്ച പ്ലസ് ടു ബാച്ചുകളിലേക്ക് മാനേജ്മെന്റുകൾ സ്ഥിരമായും ഗസ്റ്റ് ആയും അദ്ധ്യാപക നിയമനം നടത്തുന്നതിന് കോഴ വാങ്ങിയിട്ടുള്ള തായി അറിയാമോ; | സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | 2014-ൽ എയ്ഡഡ് മേഖലയിൽ പ്ലസ് ടു അദ്ധ്യാപകരുടെ ഒഴിവുകളിലേക്ക് നടത്തപ്പെട്ട താൽക്കാലികമോ സ്ഥിരമോ ആയിട്ടുള്ള നിയമനങ്ങൾ എത്രയായിരുന്നു; | 2014-ൽ സംസ്ഥാനത്ത് എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിൽ അദ്ധ്യാപകരുടെ 437 സ്ഥിര നിയമനങ്ങളും 37 താൽക്കാലിക നിയമനങ്ങളും നടത്തിയിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷത്തിൽ അനുവദിച്ച പുതിയ സ്കൂളുകളിൽ/അധിക ബാച്ചുകളിൽ നിയമിക്കപ്പെട്ട ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു. |

| | | |
|---|---|---|
| (സി) | പ്രസ്തുത ഒഴിവുകളിലേക്ക് മാനേജ്മെന്റുകൾ നിയമനം നടത്തിയത് കോഴ വാങ്ങിക്കൊണ്ടാണെന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ എത്ര മാനേജ്മെന്റുകൾക്കെതിരെ നടപടി സ്വീകരിച്ചു; | അദ്ധ്യാപക നിയമനത്തിനോ പുതിയ സ്കൂളുകൾ/ബാച്ചുകൾ അനുവദിക്കുന്നതിനോ കോഴ വാങ്ങിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ഡി) | യാതൊരു കോഴയും വാങ്ങാതെയാണ് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ നിയമനം നടത്തിയിട്ടുള്ളതെന്ന് അറിവുണ്ടോ; | |
| (ഇ) | പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു കിട്ടുന്നതിന് മാനേജ്മെന്റുകൾ കോഴ നൽകിയിട്ടുള്ളതായുള്ളആക്ഷേപങ്ങൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ